# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2951 20/12/2012-ലെ മറുപടിക്ക്

<u>കാലിക്കറ്റ് യൂണിവേഴ്സിറ്റി തേഞ്ഞിപ്പലം ക്യാമ്പസ് വക സ്ഥലം</u>

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ചന്ദ്രൻ | ശ്രീ. പി.കെ. അബ്ദു റബ്ബ് ( ഉന്നത. വിദ്യാഭ്യാസ വകുപ്പ് മന്ത്രി). |
| എ) കാലിക്കറ്റ് യൂണിവേഴ്സിറ്റി തേഞ്ഞിപ്പലം ക്യാമ്പസ്സിന് എത്ര ഹെക്ടർ സ്ഥലമാണ് സർക്കാർ ഏറ്റെടുത്തു നൽകിയിരുന്നത്; | എ) കാലിക്കറ്റ് യൂണിവേഴ്സിറ്റി, തേഞ്ഞിപ്പലം ക്യാമ്പസിന് വേണ്ടി റവന്യൂ ഡിപ്പാർട്ട്മെന്റാണ് സ്ഥലം ഏറ്റെടുത്ത് നൽകിയത്. യൂണിവേഴ്സിറ്റിയിൽ നിലവിലുള്ള രേഖകൾ പ്രകാരം തേഞ്ഞിപ്പലം കാമ്പസിന് 241.1236 ഹെക്ടർ സ്ഥലം സർക്കാർ ഏറ്റെടുത്ത് നൽകിയിട്ടുണ്ട്. |
| ബി) കാലിക്കറ്റ് സർവ്വകലാശാലയ്ക്കുണ്ടായിരുന്ന സ്ഥലം മറ്റ് ഏതെങ്കിലും ആവശ്യങ്ങൾക്ക് വിട്ടുകൊടുത്തിട്ടുണ്ടോ; | ബി) ഉണ്ട്.<br>1) കെ.എസ്.ഇ.ബി. ചേളാരി സബ്സ്റ്റേഷന് വേണ്ടി 1.18 ഹെക്ടർ സ്ഥലം.<br>2) മലപ്പുറം ജില്ലയിലെ കാക്കഞ്ചേരിയിൽ സ്ഥിതി ചെയ്യുന്ന കിൻഫ്രക്കുവേണ്ടി 28.581 ഹെക്ടർ സ്ഥലം നൽകിയിട്ടുണ്ട്.<br>3) എൻ.സി.സിയ്ക്കു വേണ്ടി 8 ഏക്കർ സ്ഥലം 50 വർഷത്തേയ്ക്ക് പാട്ടത്തിന് നൽകിയിട്ടുണ്ട്. |

| | | |
|---|---|---|
| സി) | എങ്കിൽ ആർക്കൊക്കെയാണെന്നും എപ്പോഴെല്ലാമാണെന്നും എന്തെല്ലാമാവശ്യങ്ങൾക്കാണെന്നും വ്യക്തമാക്കുമോ; | സി) 1) കെ.എസ്.ഇ.ബി. ചേളാരി സബ്സ്റ്റേഷന് വേണ്ടി 1.18 ഹെക്ടർ സ്ഥലം.<br>2) കിൻഫ്രക്ക് 28.581 ഹെക്ടർ - ഇൻഡസ്ട്രിയൽ ടെക്നോപാർക്ക് തുടങ്ങുന്നതിനുവേണ്ടി തീയതി. 14/02/1995.<br>3) എൻ.സി.സി. ക്ക് 8 ഏക്കർ - എൻ.സി.സി ഇൻഫ്രാസ്ട്രക്ചർ സ്ഥാപിക്കുന്നതിനുവേണ്ടി തീയതി. 15/12/2012. |
| ഡി) | യൂണിവേഴ്സിറ്റിക്ക് ഇപ്പോൾ എത്ര ഹെക്ടർ സ്ഥലമാണ് അവശേഷിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | ഡി) നിലവിൽ തിരൂരങ്ങാടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ഡെപ്യൂട്ടി തഹസിൽദാർ 06/07/2012-ന് സാക്ഷ്യപ്പെടുത്തിയ ബേസിക് ടാക്സ് രജിസ്റ്റർ പ്രകാരം ചേലേമ്പ്ര, തേഞ്ഞിപ്പലം, പള്ളിക്കൽ വില്ലേജുകളിലായി മൊത്തം 210.63 ഹെക്ടർ സ്ഥലം കൈവശമുണ്ട് |
| ഇ) | യൂണിവേഴ്സിറ്റി തുടങ്ങുമ്പോൾ ഏറ്റെടുത്ത സ്ഥലം സംബന്ധിച്ച രേഖകൾ, സ്കെച്ച്, പ്ലാൻ എന്നിവയുടെ പകർപ്പ് ലഭ്യമാക്കുമോ? | ഇ) സ്പെഷ്യൽ തഹസിൽദാർ ലാൻഡ് അക്വിസിഷൻ തേഞ്ഞിപ്പലം യൂണിവേഴ്സിറ്റി രജിസ്ട്രാർക്ക് കിൻഫ്രക്കുവേണ്ടി 241.1236 ഹെക്ടർ ഭൂമിയുടെ ക്രോഡീകരിച്ച സ്റ്റേറ്റ്മെന്റ് അടക്കം ചെയ്യുന്നു. ക്രോഡീകരിച്ച സ്കെച്ച് ലഭിച്ചതായി കാണുന്നില്ല. |

**സെക്ഷൻ ഓഫീസർ**

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.**